**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5138** **02-11-2021 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിൽ സൃഷ്ടിച്ച ഉന്നത തസ്തികകളും കാർഷിക പുരോഗതിയും.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിൽ അസിസ്റ്റൻറ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകളുടെ എണ്ണം 2016 ൽ എത്രയായിരുന്നുവെന്നും 2021-ൽ പ്രസ്തുത തസ്തികകളുടെ എണ്ണം എത്രയാണെന്നും അറിയിക്കാമോ; | (എ) | 2016 ലെ തസ്തികകളുടെ എണ്ണത്തിന്റെ വിശദാംശം അസിസ്റ്റൻറ് ഡയറക്ടർ-342 ഡെപ്യൂട്ടി ഡയറക്ടർ -125 ജോയിന്റ് ഡയറക്ടർ -40 അഡീഷണൽ ഡയറക്ടർ-10 2016 നു ശേഷം മേൽ സൂചിപ്പിച്ച തസ്തികകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായിട്ടില്ല. |
| (ബി) | 2016-2021 കാലയളവിൽ കൃഷി ഓഫീസർമാരുടെ എത്ര പ്രൊമോഷൻ തസ്തികകൾ ( അപ്പ് ഗ്രേഡ് ചെയ്തതുൾപ്പെടെ ) സൃഷ്ടിച്ചിട്ടുണ്ടെന്നും എസ്.എച്ച്.എം., ആത്മ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | 2016 - 2021 കാലയളവിൽ ഒരു കൃഷി ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്, എസ് എച്ച് എം, ആത്മ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ തസ്തികകൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. |
| (സി) | 2016 ലെ കാർഷിക രംഗത്തെ ഉൽപ്പാദന വർദ്ധനവും അധിക തസ്തികകൾ സൃഷ്ടിച്ചതിന് ശേഷമുള്ള ഉൽപ്പാദന വർദ്ധനവും തരംതിരിച്ച് വിശദമാക്കാമോ; | (സി) | കാർഷിക രംഗത്തെ ഉല്പാദന വർദ്ധനവ് വിവിധ ഘടകങ്ങളെ ആശ്രയിച്ചിട്ടുള്ളതാണ്. പുതുതായി സൃഷ്ടിച്ച തസ്തികകൾ കാർഷിക രംഗത്തെ വിജ്ഞാന വ്യാപന പ്രവർത്തനത്തിന് കൂടുതൽ പ്രയോജനപ്പെടുകയും നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് സഹായമാവുകയും ആയത് ഉല്പാദന വർദ്ധനവിന് സഹായിക്കുകയും ചെയ്യുന്നു. |
| (ഡി) | കൃഷി വകുപ്പിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ടുള്ള എച്ച്.ആർ.ഡി. കരട് റിപ്പോർട്ടിൽ താഴ്ന്നവിഭാഗം ജീവനക്കാർക്കെതിരെയുള്ള പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ പ്രസ്തുത പരാമർശങ്ങൾ ഒഴിവാക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ; | (ഡി) | ഉണ്ട്. കൃഷി വകുപ്പിന്റെ പുനഃ സംഘടനയുമായി ബന്ധപ്പെട്ടുള്ള എച്ച് ആർ ഡി കരട് റിപ്പോർട്ടിലെ വിയോജിപ്പ് വിവിധ സംഘടനാ പ്രതിനിധികളും കൃഷി ഡയറക്ടറേറ്റിലെ ഉന്നതതല ഉദ്യോഗസ്ഥരും കൃഷി വകുപ്പ് ഡയറക്ടർ മുഖേന പ്രസ്തുത പഠനം നടത്തിയ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം മാറ്റങ്ങൾ വരുത്തിയ കരട് റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ഇ) | കൃഷി വകുപ്പിന്റെ അടിസ്ഥാന ഓഫീസുകളിലെ കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക വർദ്ധിപ്പിക്കുവാൻ | (ഇ) | കൃഷി വകുപ്പിന്റെ പുനഃ സംഘടനയുമായി ബന്ധപ്പെട്ടുള്ള എച്ച്. ആർ. ഡി അന്തിമ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ